**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1384</u>** **<u>08-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>പടനിലം പാലത്തിന്റെ നിർമ്മാണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കുന്ദമംഗലം, മടവൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പടനിലം പാലത്തിന്റെ അപകടാവസ്ഥ വാഹനഗതാഗതത്തിന് പ്രയാസമുണ്ടാക്കുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | പടനിലം പാലം പുതുക്കി പണിയുന്നതിന് ഭൂമി ഏറ്റെടുക്കലിന് 50 ലക്ഷം രൂപയാണ് വകയിരുത്തിയത്. DVS പ്രകാരം 1.08 കോടി രൂപയാണ് ലാന്റ് അക്വിസിഷന് വേണ്ടത്. ഈ തുക ഉൾപ്പെടെ 667 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |
| (ബി) | പാലം പുതുക്കിപ്പണിയുന്നതിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ ഉടമകൾക്ക് വില നൽകുന്നതിൽ കാലതാമസം വരുന്നതിനുള്ള കാരണം വിശദമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | ഭരണാനുമതിയുള്ള പ്രവൃത്തി ആരംഭിക്കുന്നതിലുണ്ടായ കാലതാമസം സർക്കാരിന്റെ ബാധ്യത വർദ്ധിക്കുന്നതിനും പൊതുജന പ്രതിഷേധത്തിനും ഇടയാക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ ; പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമായാൽ മാത്രമേ പാലത്തിന്റെ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യാൻ കഴിയുകയുള്ളൂ. പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി നിർദ്ദേശം പരിശോധിച്ച് തുടർനടപടി സ്വീകരിക്കാനാകും. |

സെക്ഷൻ ഓഫീസർ